# പ്രവർത്തന റിപ്പോർട്ട് (27.02.2017 to 28.05.2017)

**സംസ്ഥാന കൗൺസിൽ തീരുമാനങ്ങൾ**

27.2.2017 ൽ കൂടിയ സംസ്ഥാന കൗൺസിലിൽ 126 അംഗങ്ങൾ പങ്കെടുത്തു. കൗൺസിൽ എടുത്ത തീരുമാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കി.

1. നിലവിൽ ജീവനക്കാരെ ബാധിക്കുന്ന DA ഉൾപ്പടെയുള്ള വിഷയങ്ങളിൽ ബോർഡ് മാനേജ്മെന്റിന്റേയും സർക്കാരിന്റേയും നിഷേധ നിലപാടുകളിൽ 14.3.2017 ൽ 13 ജില്ലാ കേന്ദ്രങ്ങളിലും തൊട്ടടുത്ത ആഴ്ചയിൽ കൊല്ലം ജില്ലയിലും പ്രതിഷേധ ധർണ്ണ നടന്നു. കോൺഗ്രസ്സന്റെയും INTUC യുടെയും നേതാക്കൾ അഭിസംബോധന ചെയ്ത ധർണ്ണ വൻ വിജയമായിരുന്നു.
2. 1.4.2014 ൽ ഡിവിഷൻ തലത്തിൽ DA നിഷേധം തുടരുന്നതിനെതിരെ പ്രകടനവും പ്രതിഷേധ യോഗങ്ങളും നടന്നു. 10.4.2014 ൽ മിക്ക സ്ഥലങ്ങളിലും സെക്ഷൻ തലത്തിൽ പ്രതിഷേധ പ്രകടനം നടത്തി.
3. ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ അധിക Income Tax കാര്യത്തിൽ തീരുമാനമായി. തല്ക്കാലം Tax ഈടാക്കേണ്ടായെന്നും ഇതിന്റെ മറ്റ് കാര്യങ്ങൾക്കായി മൂന്ന് ഡയറക്ടർമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.
4. Pension Master Trust ന് KSEB Ltd 11730 കോടി രൂപയുടെ ബോണ്ട് നൽകി.
5. ജനറൽ ട്രാൻസ്ഫറിനുള്ള ഗൈഡ്ലൈൻ പുറത്തിറക്കിയെങ്കിലും അതിൽ നിരവധി തസ്തികകൾ ഇല്ലാതാക്കിയതിനെതിരെ ചെയർമാന് കത്ത് നൽകി. പത്രമാധ്യമങ്ങളിൽ വാർത്ത നൽകി. നമ്മുടെ പ്രതിഷേധത്തെതുടർന്ന് 17.5.2017 ന് ബോർഡ് അംഗീകൃത യൂണിയനുകളുടെ യോഗം വിളിച്ചു.

നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് മാനേജ്മെന്റ് ഉറപ്പ് നൽകിയെങ്കിലും വാക്ക് പാലിച്ചില്ല. വീണ്ടും ബോർഡിന് കത്ത് നൽകി. 27.05.2017 ൽ അംഗീകൃത യൂണിയനുകളുമായി ചെയർമാൻ വീണ്ടും ചർച്ച നടത്തി. നമ്മുടെ ആവശ്യ പ്രകാരമാണ് അപേക്ഷിക്കുവാനുള്ള തീയതിയും Domicile മാറ്റാനുള്ള അവസരവും നൽകിയത്.

ഓൺലൈൻ അപേക്ഷിക്കുവാനുള്ള വിധം മലയാളത്തിലും ഇംഗ്ലീഷിലും നമ്മുടെ Site/ App/ Facebook/Whatsapp ൽ പ്രസിദ്ധീകരിച്ചിരുന്നു

ബോർഡ് മാനേജ്മെന്റ് 27.5.2017 ന് അംഗീകൃത സംഘടനകളുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ

1. ജനറൽ ട്രാൻസ്ഫറിന് അപേക്ഷിക്കുവാനുള്ള അവസാന തീയതി 5.6.2017
2. HRIS ൽ GT 2017- ചില കാറ്റഗറികളിൽ Posting Strength ൽ ഇപ്പോൾ കിടക്കുന്ന zero മാറ്റും.
3. കാഷ്യറിൽ നിന്നും 217 പേർക്ക് സീനിയർ അസിസ്റ്റന്റായി പ്രമോഷൻ നൽകും. [സെക്ഷൻ ഓഫീസുകളിൽ പോസ്റ്റ് ചെയ്യും]
4. OA യിൽ നിന്ന് Cashier ലേക്ക് [psc ലിസ്റ്റ്] 34 പേർക്ക് പ്രമോഷൻ നൽകും.
5. OA ൽ നിന്നും Cashier Trainee ആയി willingness അനുസരിച്ച് Posting നൽകും.
6. ജനറൽ ട്രാൻസ്ഫർ ഗൈഡ് ലൈൻ Clause 17 ഉം 18 ഉം റദ്ദ് ചെയ്യണമെന്ന് നമ്മൾ ആവശ്യപ്പെട്ടു.

**അരിയർ ഫണ്ട്**

അരിയർ ഫണ്ടിന്റെ പ്രിന്റഡ് രസീത് എല്ലാ ഡിവിഷനുകളിലും ജില്ലാ കമ്മിറ്റി വഴി എത്തിച്ചു. അക്കൗണ്ട് നമ്പർ നൽകിയ എല്ലാ ജില്ല/ഡിവിഷൻ കമ്മിറ്റികൾക്കും വിഹിതം നൽകി. ഇത് സംബന്ധിച്ച അക്കൗണ്ട്സ് ഈ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

## Pan

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ധനകാര്യ നയത്തിന്റെ ഭാഗമായി ട്രേഡ് യൂണിയനുകൾ ഉൾപ്പടെ എല്ലാവരും Pan എടുക്കണം. Trust നുള്ള Pan മുമ്പേ എടുത്തിരുന്നു. KEEC യുടെ Pan നും റിപ്പോർട്ട് കാലയളവിൽ എടുത്തു.

കഴിഞ്ഞ കൗൺസിൽ തീരുമാന പ്രകാരം മേയ് മാസം 9,10,11 തീയതികളിൽ സംസ്ഥാന സമ്മേളനം നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ അത് നടത്താൻ റിപ്പോർട്ട് കാലയളവിനുള്ളിൽ സാധിച്ചില്ല.

Labour Commissioner മുമ്പാകെ നൽകുവാനുള്ള 2015 ലെ Annual Return നൽകാൻ കഴിയാത്തതിനാലും എല്ലാ ജില്ലാ/ഡിവിഷൻ സമ്മേളനങ്ങളും പൂർത്തിയാക്കാൻ സാധിക്കാത്തതിനാലും സമ്മേളനം നടത്തുവാൻ സാധിച്ചില്ല. എങ്കിലും 8 ജില്ലകളിലും 55 ഓളം ഡിവിഷനുകളിലും സമ്മേളനങ്ങൾ നടന്ന് കഴിഞ്ഞു. ജില്ലാ/ഡിവിഷൻ സമ്മേളനങ്ങൾ നടന്നതിന് ശേഷമുള്ള ഒരു തീയതി തീരുമാനിക്കേണ്ടിയിരുന്നു.

സമ്പൂർണ്ണ വൈദ്യുതികരണത്തിന്റെ പേര് പറഞ്ഞ് അടിമാലിയിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്ന മൂലമറ്റം ഡിവിഷൻ സെക്രട്ടറിയെ തിരികെ മൂലമറ്റത്തിന് ട്രാൻസ്ഫറാക്കുവാൻ സാധിച്ചു.

**വിദ്യുത്തരംഗം**

ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലേയ്ക്കായിട്ടുള്ള രേഖകളെല്ലാം ഡൽഹിയിൽ RNI ഓഫീസിൽ നൽകി. ഉടൻ സർട്ടിഫിക്കറ്റ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**Star Health Mediclaim** - നിരവധിപേർ എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ അംഗങ്ങളായി

**ചർച്ച നടത്തി** KPCC പ്രസിഡന്റുമായി സംഘടനാ വിഷയങ്ങൾ ചർച്ച ചെയ്തു. പ്രസിഡന്റ് നമ്മുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു.

**സബ് എഞ്ചിനീയർ ട്രെയിനി** - എക്സ്റ്റൻഷനുള്ള കത്ത് നൽകി

**കരം - രസീത്**

എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ പേരിൽ വാങ്ങിയ വസ്തുവിന്റെ കരം അടച്ച് രസീത് ഏപ്രിൽ മാസം അവസാനം ലഭിച്ചു. ഇനിയും ബിൽഡിംഗ് നിർമ്മാണം (Lan Approval, Tender, Permit) ന് ശേഷം തുടങ്ങാവുന്നതാണ്.

**എം.എസ്.റാവുത്തർ സ്മാരക മന്ദിരം**

ശിലാസ്ഥാപനം 14.08.2017 നടത്തുവാൻ ആദരണീയ കോൺഗ്രസ്സ് നേതാവ് ശ്രീ.എ.കെ.ആന്റണി സമ്മതിച്ചിട്ടുണ്ട്.

**സൗജന്യ വൈദ്യുതി കണക്ഷൻ** റിപ്പോർട്ട് കാലയളവിൽ വിവിധ ഡിവിഷൻ കമ്മിറ്റികൾ എം.എസ്.റാവുത്തറുടെ പേരിൽ നിരവധി പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകി

**ചികിത്സ സഹായം :** എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ പേരിൽ ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച 12 ജീവനക്കാർക്ക് സാമ്പത്തിക സഹായം നൽകി.

**അച്ചടക്കലംഘനം - നടപടി**

യൂണിയൻ അച്ചടക്കലംഘനം നടത്തിയ ശ്രീ.ബൈജുവിന് കൊല്ലം ജില്ലാക്കമ്മിറ്റി കാരണം കാണിക്കാൻ നോട്ടീസ് നൽകി. മറുപടി തൃപ്തികരമല്ലാത്തതിനാലും സമയ പരിധിയിൽ ലഭിക്കാത്തതിനാലും യൂണിയൻ അംഗത്വത്തിൽ നിന്നും പുറത്താക്കാനുള്ള തീരുമാനം ഈ കമ്മിറ്റി എടുക്കേണ്ടിയിരിക്കുന്നു.

എറണാകുളം, ആലപ്പുഴ കമ്മിറ്റിയിലുള്ള മറ്റ് വിഭാഗം KEEC യിൽ ഉള്ളവർ (ഉദ്ദേശം 480 പേർ) മേലിൽ മാതൃസംഘടനയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ തയ്യാറായിരിക്കുകയാണ്. ഇതു സംബന്ധിച്ചുള്ള ചർച്ചകൾ അതത് ഡിവിഷനുകളിലും ജില്ലകളിലും നടന്നു കഴിഞ്ഞു. ഇത് സംബന്ധിച്ച പൂർണ്ണമായ റിപ്പോർട്ട് അതത് ജില്ലാ സെക്രട്ടറിമാർ ഇന്ന് വർക്കിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതാണ്. ഈ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**അജണ്ട**

1. കഴിഞ്ഞ കമ്മിറ്റി - മിനിറ്റ്സ് റിപ്പോർട്ട്
2. എം.എസ്.റാവുത്തർ സ്മാരകമന്ദിരം - ശിലാസ്ഥാപന ചടങ്ങ്
3. സംസ്ഥാന സമ്മേളനം പുതിയ തീയതി നിശ്ചയിക്കൽ
4. അച്ചടക്കലംഘനം നടത്തിയ വ്യക്തിക്കെതിരെയുള്ള നടപടി
5. KEEC യുടെ എറണാകുളം, ആലപ്പുഴ ജില്ലകളിലുള്ള മറ്റ് വിഭാഗങ്ങൾ മാതൃ സംഘടനയിലേക്ക് വരുന്നത് സംബന്ധിച്ച്
6. ജനറൽ ട്രാൻസ്ഫർ പ്രൊട്ടക്ഷൻ
7. ഭാവി തീരുമാനം - കണക്ക് അവതരണം

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി

27.05.2017